ശ്രീ. ഇട്ടീര അന്പൂക്കൻ : ട്രാൻസ്പോർട്ട് ഭേശവൽക്കരണം പാടില്ലെന്നു് കാണിച്ചു് ഗവമ്മെൻറിലേക്കു് വല്ല മെമ്മോറിയലും കിട്ടിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : ഉണ്ടു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : ട്രാൻസ്പോർട്ട് ഭേശവൽക്കരിക്കാൻ ഗവമ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : അതു് ആലോചനാവിഷയമായിരിക്കുകയാണു്.

ശക്കര കയറ്റുമതി

*൩൯൨. (൱) ശ്രീമതി ദേവകീ ഗോപിദാസു് : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റിൽനിന്നും ശക്കര കയറ്റുമതി ചെയ്യുന്നതിനെ ഗവമ്മെൻറ നിരോധിച്ചിട്ടുണ്ടോ;

(ബി) ഇപ്പോൾ ശക്കരയുടെ വില ക്വിന്റലിനു് എത്രയിരിക്കുന്നതെന്നു പ്രയാണു്;

(സി) ശക്കരയുടെ വില കുറയ്ക്കുന്നതിനും നിയന്ത്രിക്കുന്നതിനും ഇൻഡ്യാഗവമ്മെൻറിന്റെ അനുവാദമോ അധികാരമോ ആവശ്യമാണോ;

(ഡി) വെളിയിൽനിന്നു ശക്കര ഇവിടെ ഇറക്കുമതി ചെയ്യുന്നുണ്ടോ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ഇല്ല.

(ബി) മന്നിനു വ്യ ൨/൭ (റാത്തൽ) ൨൨ രൂപ in Producing centres. അല്ലാത്ത സ്ഥലങ്ങളിൽ മന്നിനു് ൨൩ രൂപയായി വർദ്ധിച്ചിട്ടുണ്ടു്.

(സി) അനുവാദവും അധികാരവും ആവശ്യമാണു്.

(ഡി) ഉണ്ടു്.

ശ്രീമതി ദേവകീ ഗോപിദാസു് : ൧൯൫൦-ൽ എത്രമാത്രം ശക്കര ഇവിടെ ഇറക്കുമതി ചെയ്തിട്ടുണ്ടു്?

ശ്രീ. ടി. കെ. നാരായണപിള്ള : അതിനു് നോട്ടിസു് വേണം.

ജനസംഖ്യ വർദ്ധനവു്

*൩൯൩. (൯) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ : താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട വ്യവസായവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

തിരുവിതാംകൂർ–കൊച്ചി സ്റ്റേറ്റിൽ ഓരോ കൊല്ലവും എത്ര ശതമാനക്കണക്കിനാണു് ജനസംഖ്യവർദ്ധിച്ചുകൊണ്ടിരിക്കുന്നതു്?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തിലെ ജനസംഖ്യ വർദ്ധനവു് താഴെ പറയുന്ന കണക്കനുസരിച്ചാണു്.

൧൯൦൧—൧൯൫൧ : ൨൩ ശതമാനം

൧൯൩൧—൧൯൫൧ ൨൦ ,,

LIBRARY ARCHIVES Kerala Legislative Assembly

൧൯൨൧—൯൩൧	൨൭	ശതമാനം
൧൯൩൧—൯൮൧	൧൭	,,

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ആണ്ടുതോറും ജനസംഖ്യ അമിതമായി വർദ്ധിച്ചുകൊണ്ടിരിക്കുന്നതിനെ തടയുന്നതിനായി വല്ല മാർഗ്ഗവും ഗവണ്മെൻറിനുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിലേക്ക് ജനങ്ങളെല്ലാവരുംകൂടി സഹകരിച്ച് പ്രവർത്തിച്ചാൽ മതിയാകും.

ഭവനനിർമ്മാണം

*൩൩൩. (൧൦) ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പിന്നോക്കസമുദായസംരക്ഷണവകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ–കൊച്ചി സംയോജനത്തിനുശേഷം ഭവനനിർമ്മാണപദ്ധതിയനുസരിച്ച് പിന്നോക്കസമുദായക്കാർക്ക് വീടുപണി കഴിപ്പിച്ചു കൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത വീടുകൾ യഥാക്രമം ഏതെല്ലാം താലൂക്കുകളിൽ;

(സി) ഓരോ താലൂക്കിലും യഥാക്രമം എത്ര വീടുകൾ?

വിദ്യാഭ്യാസവും, തൊഴിലും, സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) പിന്നോക്കസമുദായാഭിവൃദ്ധിവകുപ്പ് മുഖേന നേരിട്ട് വീടുകൾ പണികഴിപ്പിച്ച് കൊടുത്തിട്ടില്ല. പക്ഷെ കാളണികളിൽ വീടുകൾ പണിയുന്നതിന് ഗ്രാൻറ് കൊടുത്തുവരുന്നുണ്ട്. അങ്ങനെ ഗ്രാൻറ് കൊടുത്ത് ൨൦൫ വീടുകൾ പണി കഴിപ്പിച്ചിട്ടുണ്ട്.

(ബി), (സി) ആവശ്യമുള്ള വിവരങ്ങൾ താഴെപ്പട്ടികയിൽ പറയുന്ന പ്രകാരമാണ്

സചിവോത്തമപുരം, ചങ്ങനാശേരി	൨൦
വെങ്ങാന്നൂർ, നെയ്യാറിൻകര	൨൦
പുത്തൻചിറ, പറവൂർ	൫൦
എലത്തൂർ, പത്തനംതിട്ട	൩൦
വെളിയം, കൊട്ടാരക്കര	൪൫
പരുത്തോട്ട, നെടുമങ്ങാട്	൨൫
വക്കല, ചിറയിൻകീഴ്	൨൦
ആകെ	൨൦൫

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: ഒരു വീട്ടിനു് ഉദ്ദേശം എത്രരൂപാ ചെലവായിരിക്കുമെന്നു് പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഓരോ വീടിനും ൩൫൦ രൂപാവീതം അനുവദിച്ചിട്ടുണ്ട്.

ശ്രീ. എ. താണുപിള്ള: ഈ വീടുകൾ വാസയോഗ്യമാണെന്നു് സർട്ടിഫൈ ചെയ്യുന്നതാരാണു്?

LIBRARY ARCHIVES Kerala Legislative Assembly